"ഭരണഭാഷ–
മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്–നഗരകാര്യം–ജീവനക്കാര്യം– ശ്രീ. ആർ. ലാലു, ജോയിന്റ് ഡയറക്ടർ – 28.03.2018 മുതൽ 01.04.2018 വരെയുള്ള കാലയളവ് സേവനകാലമായി പരിഗണിച്ച്– ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.2315/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/10/2019

---

പരാമർശം:– 1 18.11.2016 തീയതിയിലെ സ.ഉ.(സാധാ.) നം.3134/16/ത.സ്വ.ഭ.വ.
2 28.03.2018 തീയതിയിലെ സ.ഉ.(സാധാ.) നം.884/18/ത.സ്വ.ഭ.വ.
3 കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 08.08.2018 തീയതിയിലെ സം.തി.ക./280/2018/എ1 നമ്പർ കത്ത്.
4 നഗരകാര്യ ഡയറക്ടറുടെ 03.11.2018 തീയതിയിലെ ഇ2-21110/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്ന് പ്രകാരം സസ്പെൻഷനിലായിരുന്ന ജോയിന്റ് ഡയറക്ടർ ശ്രീ.ആർ. ലാലുവിന്റെ സസ്പെൻഷൻ പരാമർശം രണ്ട് പ്രകാരം പിൻവലിച്ച് ടിയാനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ജോയിന്റ് സെക്രട്ടറി തസ്തികയിൽ നിയമിച്ച് ഉത്തരവായിരുന്നു.

2. 28.03.2018 മുതൽ 01.04.2018 വരെയുള്ള കാലയളവ് പ്രവേശന കാലമായി പരിഗണിച്ച് ക്രമീകരിക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം മൂന്ന് പ്രകാരം ശുപാർശ ചെയ്തു.

3. ശ്രീ. ലാലുവിന്റെ സസ്പെൻഷൻ പിൻവലിച്ച് കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷനിൽ ജോയിന്റ് സെക്രട്ടറി തസ്തികയിൽ നിയമിച്ച് ഉത്തരവായ വിവരം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും 31.03.2018 ൽ അറിയിച്ചിട്ടുള്ളതും 02.04.2018 ൽ ശ്രീലാലു ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്നും ടിയാൻ സേവനത്തിൽ പുനഃപ്രവേശിച്ച് ഉത്തരവ് പുറപ്പെടുവിച്ച 28.03.2018 മുതൽ പൊതു അവധി ദിവസങ്ങളായ 29.03.2018, 30.03.2018, 01.04.2018 തീയതികൾ ഉൾപ്പെടുത്തി 28.03.2018 തീയതി മുതൽ 01.04.2018 വരെയുള്ള കാലയളവ് പ്രവേശനകാലമായി ക്രമപ്പെടുത്തി ഉത്തരവാകണ മെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ . എസ് . ആർ ഭാഗം I ചട്ടം 56 ബി (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം സസ്പെൻഷനു ശേഷം സർവീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് തീയതി മുതൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതു വരെയുള്ള കാലയളവ് പ്രവേശന കാലമായോ അർഹമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ സസ്പെൻഷൻ കാലാവധി കഴിഞ്ഞ് പരാമർശം ഒന്ന് പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ 02.04.2019 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടറായ ശ്രീ . ആർ . ലാലുവിന്റെ ഉത്തരവ് തീയതി മുതൽ സേവനത്തിൽ പ്രവേശിച്ച തീയതിക്കു തൊട്ടുമുമ്പുള്ള തീയതി വരെയുള്ള ( 28.03.2018 മുതൽ 01.04.2018 വരെയുള്ള ) കാലയളവ് കെ. എസ് . ആർ ഭാഗം I ചട്ടം 5 6 ബി (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശന കാലമായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ